LIBRARY ARCHIVES Kerala Legislative Assembly

പ്രകൃതിക്ഷോഭങ്ങളെ പ്രതിരോധിക്കുന്നതിന് ശേഷിയുള്ള വീടുനിർമ്മാണം

120 (5820) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂകമ്പം, മിന്നൽ തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളെ പ്രതിരോധിക്കുന്നതിന് ശേഷിയുള്ള വീടുനിർമ്മാണത്തിന്റെ സാങ്കേതികവിദ്യ സംബന്ധിച്ച് ഭവനവകുപ്പ് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത തരത്തിലുള്ള വീടുനിർമ്മാണത്തിന്റെ സാധ്യത പ്രയോജനപ്പെടുത്താൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ & ബി) ഭവനനിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാന്റേർഡ്സ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഭൂകമ്പം, കൊടുങ്കാറ്റ് മുതലായവയെ പ്രതിരോധിക്കുന്നതിന് അനുയോജ്യമായ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി കെട്ടിട നിർമ്മാണം നടത്തി വരുന്നത്. മിന്നൽ പ്രതിരോധിക്കുന്നതിന് IS 2309 പ്രകാരമുള്ള സുരക്ഷാ സംവിധാനം ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നൽകിവരുന്നുണ്ട്. ഭൂകമ്പം, മിന്നൽ തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങളെ പ്രതിരോധിക്കുന്നതുമായി ബന്ധപ്പെട്ട കൂടുതൽ പഠനങ്ങളൊന്നും തന്നെ ഭവനനിർമ്മാണ വകുപ്പ് നടത്തിയിട്ടില്ല. കേരള സർക്കാർ ലാത്തൂരിൽ നിർമ്മിച്ചു നൽകിയ ഭൂകമ്പപ്രതിരോധ ശേഷിയുള്ള വീടുകൾ സംസ്ഥാന നിർമ്മിതി കേന്ദ്രം വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് നിർമ്മിച്ചത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനനിർമ്മാണ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ

121 (5824) ശ്രീ. കെ. എം. മാണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവനനിർമ്മാണ വകുപ്പുവഴി സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയത് ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി നാളിതുവരെ എത്ര തുക ചെലവ് ചെയ്തു ;

(സി) ഇനി എത്ര തുക ചെലവ് ചെയ്യാനുണ്ട് ;

(ഡി) ഓരോ പദ്ധതിക്കും വേണ്ടി ഓരോ ധനവർഷവും എത്ര തുക വകയിരുത്തിയിരുന്നു ;

(ഇ) അതിൽ ഭവനനിർമ്മാണ ബോർഡിന് എത്ര തുക നൽകി ;